LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2015 നവംബർ മാസംവരെയുള്ള വേതനം വിതരണം ചെയ്യുന്നതിനുള്ള തുക ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

കർഷക ആത്മഹത്യകൾ

167 (1639) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്യുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) കർഷകരുടെ ആത്മഹത്യയ്ക്കുള്ള പൊതുവായ കാരണം എന്തായിരുന്നു; വിശദമാക്കുമോ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് പ്രത്യേക സഹായം സർക്കാർ ലഭ്യമാക്കുകയുണ്ടായോ ; വ്യക്തമാക്കുമോ ;

(ഡി) ആത്മഹത്യകൾ ഒഴിവാക്കുന്നതിനും ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ എത്ര രൂപയാണ് ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് തിരികെ നൽകേണ്ടി വന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശം, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്, പെട്ടെന്നുള്ള കീടരോഗബാധമൂലമുള്ള വിളനാശം, കാർഷിക വിലത്തകർച്ചമൂലം ലോണുകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെവരിക, സ്വകാര്യ പണമിടപാടുകാരിൽ നിന്നും അമിത പലിശയ്ക്ക് പണം കടമെടുക്കുകയും ഇവ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരികയും ചെയ്യുക എന്നിവ കർഷകരുടെ ആത്മഹത്യയ്ക്കുള്ള പൊതുവായ കാരണങ്ങളായി വിലയിരുത്തപ്പെട്ടുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്.

(ഡി) ആത്മഹത്യകൾ ഒഴിവാക്കുന്നതിനും, ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് ഇക അനുവദിച്ചിട്ടില്ല.

അരുർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

168 (1640) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അരുർ മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങൾ നവീകരിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ഇതിൽ ഏതൊക്കെ കുളങ്ങൾ നവീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന കുട്ടനാട് പാക്കേജ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 23 കുളങ്ങളും രണ്ടാം ഘട്ടത്തിൽ 7 കുളങ്ങളും ഉൾപ്പെടെ 30 കുളങ്ങൾ നവീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 28 കുളങ്ങളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കർഷക ആത്മഹത്യകൾ

169 (1641) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷക ആത്മഹത്യകൾ ഉണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly